**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1632 04/12/2015-ൽ മറുപടിയ്ക്ക്

# സമഗ്ര പച്ചക്കറി വികസന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പാലോട് രവി**<br>**,, ലൂഡി ലൂയിസ്**<br>**,, എ.പി.അബ്ദുള്ളക്കുട്ടി**<br>**,, ഹൈബി ഈഡൻ** | **ശ്രീ . കെ.പി.മോഹനൻ**<br>**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്ത് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | ബി) പച്ചക്കറി കൃഷിയിൽ സ്വയം പര്യാപ്തത കൈവരിക്കുവാനും, വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കുവാനും, വിദ്യാർത്ഥികളിൽ കാർഷിക അവബോധം വളർത്തുവാനും, വനിതകളെ ജൈവ കൃഷിയിലേയ്ക്ക് ആകർഷിക്കുവാനും, നൂതന കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും, പുതിയ തലമുറയെ കാർഷിക വൃത്തിയിലേക്കാകർഷിക്കുവാനും ലക്ഷ്യമിട്ട് 2015-16-ൽകൃഷി വകുപ്പ് സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കിവരുന്നു. ജൈവ കൃഷിക്ക് ഊന്നൽ നല്കി കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവ രീതിയിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിദ്യാർത്ഥികളിലും, യുവജനങ്ങളിലും ഒരു അവബോധം സൃഷ്ടിക്കാനും ജൈവ കൃഷി ആസ്പദമാക്കിയുള്ള ലഘു ലേഖകളും, കൈപുസ്തകങ്ങളും, സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന നല്കി വരുന്നുണ്ട്. ആവശ്യമായ പരിശീലന പരിപാടികളും ആസൂത്രണം ചെയ്തു |

നടപ്പിലാക്കി വരുന്നു. പദ്ധതി മുഖേന ആകെ 32629 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനും 424144 ടൺ പച്ചക്കറി ഉല്പാദിപ്പിക്കുവാനുമാണ് ലക്ഷ്യമിടുന്നത്.

| | | |
|---|---|---|
| സി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വിശദമാക്കുമോ? | സി) സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കാൻ 6400 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ എല്ലാ ജില്ലാ കൃഷി ഓഫീസർമാർക്കും കൃഷി ഭവൻ ഉദ്യോഗസ്ഥർക്കും നല്കിയിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് പ്രവർത്തിയ്ക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സംഭരണ വിതരണം ശക്തിപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ